**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6706** **11-11-2021 - ൽ മറുപടിയ്ക്ക്**

**കോങ്ങാട് മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോങ്ങാട് മണ്ഡലത്തിലെ കണ്ടുവരപാടം-പ്രയക്കയം, കടമ്പഴിപ്പുറം-കോങ്ങാട് കല്ലടികോട് എന്നീ റൂട്ടുകളിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കിയത് കാരണം യാത്രാക്ലേശം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോങ്ങാട് മണ്ഡലത്തിലെ കണ്ടുവരപാടം-പ്രയക്കയം, കടമ്പഴിപ്പുറം-കോങ്ങാട് കല്ലടികോട് എന്നീ റൂട്ടുകളിൽ നാളിതുവരെയും കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തിയിട്ടില്ല. എന്നിരുന്നാലും കൂടുതൽ യാത്രക്കാർ ടി റൂട്ടിൽ ബസ് സർവ്വീസ് ആവശ്യപ്പെടുന്ന മുറയ്ക്ക് സർവ്വീസ് നടത്തുന്ന കാര്യം സാദ്ധ്യതാ പഠനം നടത്തി പരിശോധിക്കുന്നതാണ്. |
| (ബി) | സ്കൂൾ, കോളേജുകൾ തുറക്കുന്ന സാഹചര്യത്തിൽ പ്രസ്തുത സർവ്വീസുകൾ അടിയന്തരമായി പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ? | (ബി) | മുൻവർഷങ്ങളിലെപ്പോലെ വിദ്യാർത്ഥികൾക്ക് കൺസഷനും, മുൻപ് കെ.എസ്. ആർ.ടി.സി ഓടിയിരുന്ന റൂട്ടുകളിലെ ട്രിപ്പുകളും പുന:ക്രമീകരിച്ച് വരുന്നുണ്ട്. കൂടാതെ സ്കൂളുകൾ / കോളേജ് വിദ്യാർത്ഥികളുടെ ആവശ്യകതയനുസരിച്ച് ബസ്സുകളുടെ എണ്ണം, ട്രിപ്പുകളുടെ എണ്ണം, ട്രിപ്പുകളുടെ ദൂരം എന്നിവയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആവശ്യപ്പെടുന്ന മുറയ്ക്ക് കുട്ടികൾക്ക് മാത്രമായ പ്രത്യേകം ബോണ്ട് സർവ്വീസുകൾ പ്രത്യേക നിരക്കിൽ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ